



# മരം

ചന്തിരൂർ താഹ

ചിത്രീകരണം: രശ്മി ആർ എസ്




# മരം

ചന്തിരൂർ താഹ

6731

ചിത്രീകരണം: രശ്മി ആർ എസ്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



മുത്തശ്ശനും മുത്തശ്ശിയും പറമ്പിൽ
ജോലികൾ ചെയ്യുന്നത് ഹരിക്കുട്ടൻ
കൗതുകത്തോടെ നോക്കിയിരുന്നു.

6731


അമ്മ അടുക്കളയിൽ ജോലിയിലാണ്.

അച്ഛൻ വരാന്തയിലിരുന്ന് പത്രവായനയിലും.

പാവം മുത്തശ്ശനും, മുത്തശ്ശിയും.

ഹരിക്കുട്ടന് സങ്കടം വന്നു.

പിന്നെ മറ്റൊന്നും ആലോചിക്കാതെ
ഹരിക്കുട്ടൻ വേഗം മുത്തശ്ശന്റെ
അടുത്തേക്കു ചെന്നു.
എന്നിട്ടു ചോദിച്ചു.





എന്തിനാ മുത്തശ്ശാ...
ഈ കുഴി?"




മുത്തശ്ശൻ ഹരിക്കുട്ടനെ
ഒന്നു നോക്കിയിട്ടു പറഞ്ഞു.
"മുത്തശ്ശൻ ഇവിടെ ഒരു
മാവിൻതൈ നടാൻ
പോകുകയാണ്."






"അതെന്തിനാ മുത്തശ്ശാ...?"
"ഹരിക്കുട്ടന് നല്ല ചക്കരമാമ്പഴം തിന്നാൻ.
അതിനാണീ തൈമാവ്. പിന്നെ ഈ മാവ്
വളർന്ന് വലുതായി ശിഖരങ്ങൾ വളർന്ന്
പടർന്ന് പന്തലിച്ചു വലിയ മരമാകും.




അപ്പോൾ ഈ മാവിന്റെ തണലിൽ വന്നിരുന്ന് ഹരിക്കുട്ടന് ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. നല്ല തണലും, കാറ്റും, ശുദ്ധവായുവുമൊക്കെ ലഭിക്കുവാനും ഈ മരങ്ങൾ നമുക്കുപകരിക്കും.

അതുപോലെ തന്നെ ആകാശത്തിലൂടെ പറന്നു കളിക്കുന്ന പറവകൾക്ക് അന്നവും, വീടുമൊക്കെ നമ്മൾ വളർത്തി വലുതാക്കുന്ന മരങ്ങളാണ്.




വരും തലമുറയ്ക്ക് നൽകാൻ മുത്തശ്ശന്റേയും
മുത്തശ്ശിയുടേയും സമ്മാനങ്ങളാണ് ഈ കാണുന്ന
മാവും, പ്ലാവും, ചാമ്പയും കവുങ്ങുമൊക്കെ."



ഹരിക്കുട്ടന് എല്ലാം നല്ലതുപോലെ മനസ്സിലായി.
പിന്നെ ഒരുചിരി സമ്മാനിച്ചുകൊണ്ട് വെറുതെ നിന്നു.
അപ്പോൾ നല്ലമണമുള്ള ഒരു കാറ്റ് അവരെ
തഴുകിത്തലോടി അതുവഴി കടന്നുപോയി.


6731